(ബി) 18 എണ്ണം.

(സി) 1. ജൂനിയർ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, തൈക്കാട്, തിരുവനന്തപുരം. (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രം)

2. ജൂനിയർ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, തലയോലപ്പറമ്പ്, കോട്ടയം.

3. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, ആശ്രമം, കൊല്ലം.

4. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, തൃപ്പൂണിത്തുറ; എറണാകുളം.

5. ജൂനിയർ പി.എച്ച്.എൻ, സ്കൂൾ, തൃശ്ശൂർ.

6. ജൂനിയർ പി.എച്ച്.എൻ, സ്കൂൾ, നെൻമാറ, പാലക്കാട്.

7. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട്.

8. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, മൂട്ടം, ഇടുക്കി.

9. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, മലപ്പുറം

10. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, കോഴിക്കോട്. (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രം)

11. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, കണ്ണൂർ.

12. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, കാസർഗോഡ്

13. ജൂനിയർ പി.എച്ച്.എൻ. സ്കൂൾ, പനമരം, വയനാട്

(ഡി) നാലു സ്കൂളുകൾ പുനരാരംഭിക്കുവാൻവേണ്ടി നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ) ആഗസ്റ്റ് മാസത്തോടുകൂടി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

136 (762) പാവപ്പെട്ട രോഗികൾക്ക് ഭക്ഷണവും മരുന്നും സൗജന്യമായി നൽകാൻ നടപടി

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിൽ ഐ.പി. വിഭാഗത്തിലുള്ള പാവപ്പെട്ട രോഗികൾക്ക് ഭക്ഷണവും മരുന്നും സൗജന്യമായി നൽകാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഫാർമസി, നഴ്സിംഗ്, ലാബ് ടെക്നീഷ്യൻ എന്നീ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) പരിയാരം മെഡിക്കൽ കോളേജിൽ ക്ഷയരോഗബാധിതരായി കിടക്കുന്ന രോഗികൾക്ക് മാത്രമേ ഇപ്പോൾ ഭക്ഷണവും മരുന്നും സൗജന്യമായി നൽകിവരുന്നുള്ളൂ.

(സി) ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

137 (763) മരുന്നുകളുടെ വില

ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്ന് കമ്പനികൾ അവശ്യ മരുന്നുകളുടെ വില കുത്തനെ വർദ്ധിപ്പിച്ചതിനെത്തുടർന്ന് സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകൾ യാതൊരു നിയന്ത്രണവുമില്ലാതെ ജീവൻരക്ഷാ മരുന്നുകൾക്ക് അമിത വില ഈടാക്കിവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ സ്റ്റോറുകളിൽ ഇന്നുള്ള പരിശോധനാ സമ്പ്രദായം ഫലപ്രദവും കുറ്റമറ്റതുമാണ് എന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. പല മരുന്നുകൾക്കും കമ്പനികൾ അടുത്തിടെ വില വർദ്ധിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടിയ വിലയ്ക്ക് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മെഡിക്കൽ ഷോപ്പുകളിലെ പരിശോധന കൃത്യമായും കർശനമായും നടത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ ഇതിനായി കൂടുതൽ ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

138 (764) മരുന്നുകളുടെ വില

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ജനുവരി മാസത്തെ വിലയിൽനിന്ന് 1999 മേയ് മാസം ആയപ്പോഴേക്കും പ്രമേഹം, രക്തസമ്മർദ്ദം, അപസ്മാരം എന്നീ രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകളുടെ വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly